**ക്രമപ്രശ്നം**

പരാമർശം നീക്കം ചെയ്യുന്നത് സംബന്ധിച്ച്

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ചട്ടം 303 പ്രകാരം ഒരു ക്രമപ്രശ്നം ഉന്നയിക്കുകയാണ്. നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 285-ൽ ഒരാൾക്കെതിരെയുള്ള ആരോപണം സംബന്ധിച്ച നടപടിക്രമത്തെക്കുറിച്ച് പറയുന്നുണ്ട്. ആ നടപടിക്രമപ്രകാരം ബഹുമാനപ്പെട്ട ചെയറിന് മുൻകൂട്ടി എഴുതി നൽകിയശേഷമായിരിക്കണം ഒരാൾക്കെതിരെ ആരോപണം ഉന്നയിക്കേണ്ടതെന്നും അല്ലാത്തപക്ഷം സഭ മുമ്പാകെ ആരോപണം കൊണ്ടുവരരുതെന്നുമാണ് സൂചിപ്പിച്ചിട്ടുള്ളത്. ഇവിടെ നേരത്തെ സംസാരിച്ച ശ്രീ. പി. സി. വിഷ്ണുനാഥ് യഥാർത്ഥത്തിൽ സഭയെയും ചെയറിനെയും കബളിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്.

(……ബഹളം…….)

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്……. മിനിസ്റ്റർ പറയട്ടെ.

ശ്രീ. എം. ബി. രാജേഷ്: സർ, ചെയറിന്റെ അനുവാദത്തോടുകൂടിയാണ് ഞാൻ സംസാരിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്....... ബഹുമാനപ്പെട്ട അംഗം അവിടെ ഇരിക്കൂ.....

ശ്രീ. എം. ബി. രാജേഷ്: സർ, ബഹുമാനപ്പെട്ട ചെയറിന്റെ അനുവാദത്തോടുകൂടി ചട്ടപ്രകാരമാണ് ഞാൻ ക്രമപ്രശ്നം ഉന്നയിച്ചത്. യഥാർത്ഥത്തിൽ ബഹുമാനപ്പെട്ട അംഗം നൽകിയ നോട്ടീസിന് വിരുദ്ധമായ, അതിൽ പറയാത്ത കാര്യമാണ് ശ്രീ. പി. സി. വിഷ്ണുനാഥ് ആരോപണമായി ഇവിടെ ഉന്നയിച്ചിട്ടുള്ളത്. അത് ഇപ്പോൾത്തന്നെ സഭാരേഖകളിൽനിന്ന് നീക്കം ചെയ്യേണ്ടതാണ്. ബഹുമാനപ്പെട്ട ചെയറിനേയും ഈ സഭയെയും കബളിപ്പിക്കുകയും വഞ്ചിക്കുകയുമാണ് ഇതിലൂടെ ബഹുമാനപ്പെട്ട അംഗം ചെയ്തിട്ടുള്ളത്. നോട്ടീസിന് വിപരീതമായിട്ടുള്ള ആരോപണമാണ് ഇവിടെ ഉന്നയിച്ചിരിക്കുന്നത്. യു.ഡി.എഫ്. പൊതുവിൽ സ്വീകരിച്ചുവരുന്ന വഞ്ചനാപരമായ സമീപനത്തിന്റെ ഉദാഹരണമാണ് ഇന്ന് സഭയിൽ കണ്ടത്. ഇപ്പോൾത്തന്നെ പ്രസ്തുത പരാമർശങ്ങൾ രേഖയിൽനിന്ന് നീക്കം ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ

പ്രൊസീജ്വയർ വളരെ ക്ലിയറാണ്. ബന്ധപ്പെട്ട മന്ത്രിക്ക് ഈ വിഷയത്തെ സംബന്ധിച്ച് മറുപടി പറയാൻ അവസരം കൊടുക്കുന്നതിനുവേണ്ടിയാണ് മുൻകൂട്ടി നോട്ടീസ് നൽകുന്നത്. ആ നോട്ടീസിൽ ഒരംഗം പറയാൻ പോകുന്ന മുഴുവൻ കാര്യങ്ങളും ഈ സഭയുടെ ചരിത്രത്തിൽ ഒരു കാലത്തും ആരും എഴുതിക്കൊടുത്തിട്ടില്ല. അഴിമതി ആരോപണങ്ങൾ ഉന്നയിക്കുന്ന സമയത്ത് ഏത് വിഷയത്തെ സംബന്ധിച്ചാണ് ആരോപണം ഉന്നയിക്കുന്നത്, ആ വിഷയത്തിന് മറുപടി പറയാൻ ബന്ധപ്പെട്ട വകുപ്പുമന്ത്രിക്ക് അവസരം കൊടുക്കുകയെന്നത് മാത്രമാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. അല്ലാതെ ഇവിടെ വന്ന് പ്രസംഗിക്കാൻ പോകുന്ന, ഉന്നയിക്കുന്ന ആരോപണങ്ങൾ ഒന്നൊന്നായി എഴുതി നോട്ടീസ് രൂപത്തിൽ കൊടുക്കുകയെന്നത് ഈ സഭയുടെ ചരിത്രത്തിലുണ്ടായിട്ടില്ല. അതുകൊണ്ട് ഒരു കാരണവശാലും ഈ പോയിന്റ് ഓഫ് ഓർഡർ നിലനിൽക്കുന്നതല്ലെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. എം. ബി. രാജേഷ്: സർ, പ്രതിപക്ഷനേതാവ് കാര്യങ്ങൾ വളച്ചൊടിക്കുകയാണ്. മുഖ്യമന്ത്രിക്കെതിരായി അഴിമതി ആരോപണമെന്ന് നോട്ടീസിൽ പറഞ്ഞിട്ടേയില്ല. എന്നിട്ടും മുഖ്യമന്ത്രിക്കെതിരായി അഴിമതി ആരോപണമുന്നയിക്കുന്നത് അങ്ങേയറ്റം വക്രമായിട്ടുള്ള രീതിയാണ്.

പ്രതിപക്ഷം വക്രമായ രീതികളിൽ വിദഗ്ധരാണെന്നറിയാം. അതിന് ബഹുമാനപ്പെട്ട ചെയറിനെയും സഭയെയും കരുവാക്കി മാറ്റരുത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇവിടെ അഴിമതി ആരോപണം ഉന്നയിക്കുന്നതുസംബന്ധിച്ച് ബന്ധപ്പെട്ട അംഗം ചെയറിന് നോട്ടീസ് നൽകിയിട്ടുണ്ട്. അതിന് വിപരീതമായി എന്തെങ്കിലും കാര്യങ്ങൾ ഉന്നയിച്ചിട്ടുണ്ടെങ്കിൽ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എം. ബി. രാജേഷ്: സർ, പിന്നീട് ഇക്കാര്യത്തിൽ അങ്ങ് തീരുമാനമെടുക്കുകയും നീക്കം ചെയ്യുകയും ചെയ്യും. അങ്ങനെയാണെങ്കിൽ നോട്ടീസിൽ പറയാത്ത കാര്യങ്ങൾ ഇവിടെ ഉന്നയിച്ചത് മാധ്യമങ്ങളിൽ വാർത്ത വരാൻ ഇടയാക്കും. മാധ്യമങ്ങളിൽ വാർത്ത വരുത്തുകയെന്നത് മാത്രമാണ് പ്രതിപക്ഷത്തിന്റെ ഉദ്ദേശ്യം. മാധ്യമങ്ങൾക്കുവേണ്ടിയാണ് വസ്തുതാവിരുദ്ധമായ കാര്യങ്ങൾ സഭയെ ദുരുപയോഗപ്പെടുത്തി പ്രതിപക്ഷാംഗങ്ങൾ ഇവിടെ പറയുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ട വിഷയത്തെപ്പറ്റി അഴിമതി ആരോപണം

ഉന്നയിച്ചുകൊണ്ട് നോട്ടീസ് നൽകിയതുപ്രകാരമാണ് ആയതിന് അവതരണാനുമതി നൽകിയത്. അതിന് വിപരീതമായി വന്നിട്ടുണ്ടെങ്കിൽ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്[+].

+ ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവുപ്രകാരം (ഫയൽ നം.15331/ഇ.ബി/2023/നി.സെ. തീയതി 12.09.2023) രേഖയിൽനിന്നും നീക്കം ചെയ്തു.